തർക്കത്തെപ്പറ്റി 1985 ജൂൺ 17-ന് ഗവൺമെൻറ് പ്രസ്തുത സ്കൂളിന്റെ മാനേജരായ ശ്രീ. ടി. കേളപ്പൻ എന്നയാളുടെ അപേക്ഷയിൻമേലുള്ള വാദം കേൾക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്നു വെളിപ്പെടുത്തുവാൻ ദയവുണ്ടാകുമോ ;

(സി) ഇതു സംബന്ധിച്ചു അടിയന്തിര തീരുമാനം ഉണ്ടാകുവാൻ വേണ്ട നടപടി കൈക്കൊള്ളുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) വാദം കേൾക്കുകയുണ്ടായി.

(ബി, സി) ശ്രീ. ടി. കേളപ്പനെ നൻമണ്ട ജ്ഞാനപ്രദായിനി എൽ. പി. സ്കൂളിന്റെ മാനേജരായി അംഗീകരിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ ഡയറക്ടറുടെ തീരുമാനം ശരിവച്ചുകൊണ്ട് 6-8-1985-ലെ സർക്കാർ ഉത്തരവ് ആർ. ഒ. 3120/85/പൊ. വി. പ്രകാരം ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മരുതംകാട് സർക്കാർ സി. പി. സ്കൂൾ

187. [469] ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കരിമ്പ പഞ്ചായത്തിൽ മരുതങ്കാട് എന്ന സ്ഥലത്തു സർക്കാർ നോട്ടിഫൈ ചെയ്ത സി. പി. സ്കൂളിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) കരിമ്പ പഞ്ചായത്ത് ഈ സ്കൂൾ തുടങ്ങുവാൻ സമർപ്പിച്ച അപേക്ഷയിൻമേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) 1-6-1981-ലെ 417-ാം നമ്പർ ഗസറ്റ് വിജ്ഞാപനപ്രകാരം പാലക്കാട് ജില്ലയിലെ ''കരിമ്പ'' എന്ന പ്രദേശം പ്രാരംഭലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഒബ്ജക്ഷൻ ഉള്ളതുകൊണ്ട് അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്താത്തതുകൊണ്ട് അപേക്ഷ സ്വീകരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ബി) അപേക്ഷ സ്വീകരിച്ചിട്ടില്ല.

എയിഡഡ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ അധികാരങ്ങൾ

188. [476] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) എയിഡഡ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ഈയിടെ കൂടുതൽ അധികാരങ്ങൾ സർക്കാർ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പുതിയ അധികാരങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) എയിഡഡ് പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് താഴെപറയുന്ന അധികാരങ്ങൾ പുതുതായി നൽകിയിട്ടുണ്ട് :—

LIBRARY ARCHIVES Kerala Legislative Assembly